# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2938 — 28.1.2014 ൽ മറുപടിക്ക്

**അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.ലതിക | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അർഹമായ വേതനം ലഭിക്കുന്നില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സേവന-വേതന വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ; | (ബി) | അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കെ.ഇആർ അദ്ധ്യായം XIV (AA) -ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 14.2.2011 ലെ ജി.ഒ(എം.എസ്) നമ്പർ 36/11/പൊ.വി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000/- രൂപയും, എച്ച്.എസ്.എയ്ക്ക് 6000/- രൂപയും പ്രൈമറി ടീച്ചർക്ക് 5000/- രൂപയും ക്ലാർക്കിന് 4000/- രൂപയും ക്ലാസ്സ് ഫോർ ജീവനക്കാർക്ക് 3500/- രൂപയും മിനിമം വേതനം ഉറപ്പു നൽകുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നു പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(പി) 155/2011/തൊഴിൽ തീയതി 12.9.2011 പ്രകാരം അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും തന്നെ നൽകണമെന്ന് നിഷ്കർഷിക്കുന്നു. ഇത് ഉറപ്പുവരുത്തുന്നതിനായി എൻ.ഒ.സിയ്ക്കുള്ള അപേക്ഷയോടൊപ്പം സത്യവാങ്മൂലം സമർപ്പിക്കണമെന്നുണ്ട്.

(സി) പ്രസ്തുത മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച എന്തെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ആവശ്യത്തിനായി ഒരു കമ്മീഷനെ നിയമിച്ച്, ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

(സി) ഇത് സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 22.06.2007 ൽ സ.ഉ.(എം.എസ്) നം.117/07/പൊ.വി.വ പ്രകാരം രണ്ടംഗ കമ്മീഷനെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 14.2.2011 ലെ ജി.ഒ(എം.എസ്) നമ്പർ 36/11/പൊ.വി നമ്പർ ഉത്തരവ് പ്രകാരം വേതനം പുതുക്കി നിശ്ചയിക്കുകയുമുണ്ടായി.

സെക്ഷൻ ഓഫീസർ